# നിസ്വാർഥമാകണം ഭക്തി

രാജാവ് എന്നും ഈശ്വരനോടു പ്രാർഥിക്കും, തന്റെയും ജനങ്ങളുടെയും മുന്നിൽ ഒരു ദിവസം പ്രത്യക്ഷപ്പെടണം. നിർബന്ധത്തിനു വഴങ്ങി ദൈവം പറഞ്ഞു: രാജ്യത്തെ ഏറ്റവും ഉയരംകൂടിയ മലമുകളിൽ നാളെ ഞാൻ ദർശനം നൽകാം. രാജാവ് ജനങ്ങളെ മുഴുവൻ കൂട്ടി മലകയറാൻ തുടങ്ങി. കുറച്ചുചെന്നപ്പോൾ ഒരു പ്രദേശം മുഴുവൻ ചെമ്പുനാണയങ്ങൾ കിടക്കുന്നു. കുറെപ്പേർ നാണയം പെറുക്കാനോടി. കുറച്ചുകൂടി മുന്നോട്ടു പോയപ്പോൾ അവിടെ മുഴുവൻ വെള്ളിനാണയങ്ങൾ. അവ വാരാൻ പോകരുതെന്നു രാജാവ് മുന്നറിയിപ്പു നൽകിയെങ്കിലും അവർ പറഞ്ഞു: നാണയം ഇപ്പോഴേ കിട്ടൂ, ദൈവത്തെ പിന്നൊരു ദിവസം കാണാം. അടുത്ത സ്ഥലത്തെ സ്വർണനാണയശേഖരത്തിനു പിന്നാലെ ബാക്കിയുള്ളവരും പോയി. രാജാവ് മാത്രം മലമുകളിലെത്തി. ദൈവം ചോദിച്ചു: മറ്റുള്ളവരെവിടെ? നടന്നതെല്ലാം വിവരിച്ച രാജാവിനോടു ദൈവം പറഞ്ഞു: സുഖാനുഭവങ്ങളുടെ പിറകെപോകുന്ന ഒരാൾക്കും എന്നെ കാണാനാകില്ല.

ലൗകികസുഖങ്ങളുടെ പരകോടിയിൽ ഈശ്വരനെ പ്രതിഷ്ഠിക്കുന്നതാണ് ആത്മീയതയിലെ അബദ്ധം. അഭിലാഷ പൂർത്തീകരണത്തിന്റെ ഏജന്റായി ദൈവത്തെ അവതരിപ്പിക്കുന്നതാണ് ഈശ്വരധ്യാനത്തിലെ അപകടം. എല്ലാമുപേക്ഷിച്ച് ഈശ്വരസന്നിധിയിലെത്തുന്നവരും എല്ലാം നേടാൻ അവിടെയെത്തുന്നവരുമുണ്ട്. എല്ലാമുപേക്ഷിച്ചു വരുന്നവരുടെയുള്ളിൽ പ്രലോഭനസാധ്യതകളോ ദുരാഗ്രഹങ്ങളോ ഇല്ലാത്തതുകൊണ്ട് ദർശനം നൽകാൻ ദൈവത്തിനു മടിയുണ്ടാകില്ല. കാര്യം കാണാൻ മാത്രം തന്നെ സ്വീകരിക്കുന്നവരോട് ആർക്കാണു താൽപര്യമുണ്ടാകുക.



ഈശ്വരൻ ഒരു പകരം സംവിധാനമല്ല. ആഗ്രഹങ്ങൾക്കനുസരിച്ച് എല്ലാം നടക്കുമ്പോൾ മറന്നുകളയാനും അനിഷ്ടങ്ങളെന്തെങ്കിലും സംഭവിച്ചാൽ ആലിംഗനം ചെയ്യാനുമുള്ള പ്രതിഭാസമായി ഈശ്വരനെ കാണുന്നതിൽ ദൈവികതയുടെ കണികപോലുമില്ല. കുടിലത നിറഞ്ഞ മാനുഷിക പ്രവൃത്തി മാത്രമാണത്. ഭൗതികമായ വ്യവസ്ഥകളിലൂടെ ആത്മീയത തേടുന്ന ഒരാളും യഥാർഥ ഈശ്വരദർശനത്തിലേക്കെത്തില്ല. നിബന്ധനകൾക്കു വിധേയമായിരിക്കും അവർക്ക് ഈശ്വരാന്വേഷണം. അഭീഷ്ടനിവൃത്തിക്കുപകരിക്കുന്ന ദൈവത്തെ അവർ എപ്പോഴും തേടിക്കൊണ്ടിരിക്കും.

# സമചിത്തതയെന്ന സമ്പത്ത്

ആ സ്ത്രീ വലിയ ദേഷ്യക്കാരിയായിരുന്നു. ചെറിയ കാര്യങ്ങളിൽപോലും പെട്ടെന്നു ദേഷ്യംവരും. ആളുകൾ തന്റെയടുത്തു വരാൻ മടിക്കുന്നു എന്നു മനസ്സിലാക്കിയ അവർ സ്വഭാവത്തിൽ മാറ്റം വരുത്താൻ ആഗ്രഹിച്ചു. നാട്ടിലെത്തിയ സന്യാസിയോടു പ്രശ്നം പങ്കുവച്ചപ്പോൾ അദ്ദേഹം കുപ്പിയിൽ മരുന്നു നൽകിയശേഷം പറഞ്ഞു: ഇനി ദേഷ്യം വരുമ്പോൾ ഇതു കുടിക്കുക. വായിലൊഴിച്ചശേഷം വളരെ സാവധാനമേ കുടിച്ചിറക്കാവൂ. പിന്നീടുള്ള ദിവസങ്ങളിൽ ദേഷ്യം വരുമ്പോഴെല്ലാം ആ സ്ത്രീ അപ്രകാരം ചെയ്തു. ദേഷ്യവും കുറഞ്ഞു. നന്ദി പറഞ്ഞുകൊണ്ട് സന്യാസിയുടെ അടുത്തെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ തന്നതു വെറും വെള്ളമാണ്. ദേഷ്യം വന്ന സമയത്തു വായിൽ വെള്ളമായിരുന്നതുകൊണ്ട് താങ്കൾക്ക് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല എന്നതാണു സത്യം.



അനുചിതമായ സമയത്തു നടത്തുന്ന അപക്വമായ പ്രതികരണങ്ങളാണ് എല്ലാ കലഹങ്ങൾക്കും കാരണം. ഓരോരുത്തരും തങ്ങളുടെ മാനസികാവസ്ഥയിൽ നിന്നാണ് ഇടപഴകുന്നത്. അവരിൽ വിവേകരഹിതരും കുബുദ്ധികളും അവസരവാദികളും പ്രശ്നക്കാരുമെല്ലാം ഉണ്ടാകും. ഇടപെടുന്നവരുടെ പ്രകൃതമറിഞ്ഞു പ്രതികരിക്കുന്നതിലാണ് സ്വഭാവവൈശിഷ്ട്യം.

മര്യാദയോടെ പെരുമാറുന്നവരോടു മാന്യമായി ഇടപഴകാൻ ആർക്കും കഴിയും. അസ്വസ്ഥത സൃഷ്ടിക്കുന്ന പ്രവർത്തനശൈലി ഉള്ളവരോടും അന്തസ്സില്ലാതെ സമ്പർക്കം പുലർത്തുന്നവരോടും സമചിത്തത കൈവിടാതെ സംവദിക്കാൻ കഴിയുന്നവർക്കു മാത്രമാണ് മനസ്സമാധാനത്തോടെയും സ്വാഭിമാനത്തോടെയും ജീവിക്കാൻ കഴിയുക.

അല്ലാത്തവരുടെയെല്ലാം ജീവിതത്തിന്റെ കടിഞ്ഞാൺ അപരന്റെ കൈകളിലായിരിക്കും. അവരാണ് ആദ്യം പ്രശ്നമുണ്ടാക്കിയത്, അവർ അങ്ങനെ ചെയ്തതുകൊണ്ടാണ് ഞാനിങ്ങനെ ചെയ്തത് തുടങ്ങിയ ന്യായീകരണവാദങ്ങളുടെ അർഥംതന്നെ സ്വന്തം ജീവിതത്തിന്റെ നിയന്ത്രണം മറ്റുള്ളവരെ ഏൽപിച്ചു എന്നുതന്നെയാണ്.

തിരുത്തലുകൾ വരുത്താനുള്ള ആദ്യപടി സ്വന്തം കർമങ്ങളുടെ ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുക എന്നതാണ്. കുറവുകളെ സ്വയം അംഗീകരിച്ചാൽ പിന്നെ നവീകരണ നടപടികൾ എളുപ്പമാകും.

# അപരനെ വിധിക്കുമ്പോൾ...



രാവിലെ മുറ്റത്തിറങ്ങിയപ്പോഴാണ് അയാൾ ശ്രദ്ധിച്ചത്; തലേന്ന് അവിടെവച്ചിരുന്ന കോടാലി കാണാതായിരിക്കുന്നു. അയൽപക്കത്തെ കുട്ടി രാത്രി അവിടെ വന്നിരുന്നതിനാൽ അവനെ സംശയമായി. അപ്പോൾ മുതൽ അയാൾ അവനെ ശ്രദ്ധിക്കാൻ തുടങ്ങി. അവന്റെ നോട്ടത്തിൽ കള്ളലക്ഷണമുണ്ട്. സംസാരത്തിലും ശരീരഭാഷയിലും അവൻ കള്ളൻ തന്നെയാണ്. എങ്കിലും നേരിട്ടു ചോദിച്ചില്ല. പിന്നീട് വീട്ടിലെ പൂന്തോട്ടത്തിൽനിന്നു കോടാലി അയാൾക്കു ലഭിച്ചു. അപ്പോൾമുതൽ അയൽവീട്ടിലെ കുട്ടിക്കു കള്ളന്റെ രൂപവും ഭാവവും നഷ്ടമായി.

സ്വന്തം വ്യാഖ്യാനങ്ങളുടെ ഭ്രമണപഥത്തിൽനിന്ന് അപരന്റെ ജീവിതത്തെ വിധിക്കുന്നത് അവന്റെ അന്തസ്സിനോടുള്ള അവഹേളനമാണ്. എന്താണോ വിശ്വസിക്കാനിഷ്ടം അതാണ് എല്ലാവരും വിശ്വസിക്കുന്നത്. എന്തു ചിന്തിച്ചു സമാധാനിക്കാനാണോ ആഗ്രഹിക്കുന്നത് അങ്ങോട്ടാണു ചിന്തകൾ സഞ്ചരിക്കുന്നത്. പക്ഷേ, അത്തരം ചിന്തകളും വിശ്വാസങ്ങളും ഏതെങ്കിലും നിഷ്കളങ്ക ജീവിതത്തിനു നേരെ കരിനിഴൽ വീഴ്ത്തരുത്. ഒരാളെ അയാളറിയാതെ ആരോപണങ്ങളുടെ സംശയദൃഷ്ടിയിൽ നിർത്തുന്നതിനെക്കാൾ ഭേദം അയാളെ വധിക്കുന്നതാണ്. സംശയിക്കാനുള്ള സ്വാതന്ത്ര്യത്തെക്കാൾ പ്രധാനമാണ് മാന്യതയോടെ ജീവിക്കാനുള്ള അവകാശം. അകാരണമായി അവിശ്വസിക്കുന്ന ശീലവും അനാവശ്യമായി കുറ്റമാരോപിക്കുന്ന ശൈലിയും ഇല്ലാതായിരുന്നെങ്കിൽ എല്ലാവർക്കും കുറെക്കൂടി നിലവാരമുള്ള ജീവിതം ലഭിച്ചേനെ.

നോക്കുന്നവന്റെ കണ്ണുകൾ ശുദ്ധമാകാത്തിടത്തോളംകാലം നിരീക്ഷിക്കപ്പെടുന്നവരുടെ ചലനത്തിനു സ്വാതന്ത്ര്യമുണ്ടാകില്ല. ഓരോ ദിനവും ആയാസരഹിതമാകാൻ രണ്ടു കാര്യങ്ങൾ ശീലിക്കണം. ഒന്ന്, സ്വന്തം അനുഭവങ്ങളെ സത്യസന്ധമായി വിലയിരുത്തണം. രണ്ട്, അന്യന്റെ ജീവിതത്തെ ആദരിക്കണം. മുന്നനുഭവങ്ങളുടെയും മുൻവിധികളുടെയും അടിസ്ഥാനത്തിൽ മാത്രം നടത്തുന്ന വിലയിരുത്തലുകൾ ഒരാളെ എന്നും അയാളുടെ ഭൂതകാലത്തിൽ തളച്ചിടുകയേയുള്ളൂ. തന്റെ ചുറ്റുമുള്ളവരെപ്പോലും അവരുടെ പഴയകാലത്തിൽനിന്നു തിരിച്ചുവരാൻ അത്തരക്കാർ സമ്മതിക്കില്ല.

# തുടരണം, വിജയം വരെ

വരൾച്ചമൂലം ജനം കഷ്ടപ്പെടുന്നതിനിടയിലാണ് സന്യാസി അവിടെത്തിയത്. അദ്ദേഹം പട്ടണമധ്യത്തിൽ നൃത്തം ചെയ്യാൻ തുടങ്ങി. ദിവസങ്ങൾ നീണ്ടപ്പോൾ ആളുകൾ കളിയാക്കിയെങ്കിലും നൃത്തം തുടർന്നു. നാലാം ദിവസം മഴ പെയ്തപ്പോൾ സന്യാസി നൃത്തം നിർത്തി. ജനങ്ങൾക്ക് അദ്ഭുതമായി. മഴ പെയ്യിക്കുന്ന സന്യാസി എന്ന പേരും അദ്ദേഹത്തിനു വീണു. എല്ലാം കേട്ടറിഞ്ഞ കുറെ ചെറുപ്പക്കാർ അദ്ദേഹത്തെ വെല്ലുവിളിച്ചു. താങ്കൾക്കു കഴിയുമെങ്കിൽ ഞങ്ങൾക്കും കഴിയും. ജനക്കൂട്ടത്തിനു നടുവിൽ അവർ നൃത്തം ആരംഭിച്ചു. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ആദ്യത്തെയാൾ അവശനായി. ഉച്ചയോടെ എല്ലാവരും തളർന്നു. അപ്പോൾ സന്യാസി നൃത്തം തുടങ്ങി. ആറു മണിക്കൂർ നൃത്തം ചെയ്തപ്പോൾ മഴ തുടങ്ങി. ക്ഷമാപണം നടത്തിയ യുവാക്കൾ അദ്ദേഹത്തോടു ചോദിച്ചു: ഇതെങ്ങനെ സാധിച്ചു? അദ്ദേഹം പറഞ്ഞു: നിങ്ങൾ മടുക്കുന്നതുവരെ നൃത്തം ചെയ്തു; ഞാൻ മഴ പെയ്യുന്നതുവരെയും.



തുടർച്ചയില്ലാത്തതെല്ലാം തുടങ്ങിയിടത്ത് അവസാനിക്കും. എന്തു തുടങ്ങാനും ക്ഷീണിക്കുന്നതുവരെ അതു തുടരാനും ആർക്കും കഴിയും. നല്ല തുടക്കമില്ലാത്തതുകൊണ്ടല്ല, തുടരേണ്ട കാലത്തോളം തുടരാത്തതുകൊണ്ടാണ് പല സംരംഭങ്ങളും വീണുപോകുന്നത്.

ജയിക്കാൻ തുനിഞ്ഞിറങ്ങുന്നവരുടെ നിഘണ്ടുവിൽ കാണരുതാത്ത ചില വാക്കുകളുണ്ട് - നിരാശ, തളർച്ച, പിൻവാങ്ങൽ. അവരുടെ ശരീരത്തിൽ കൊത്തിവയ്ക്കേണ്ട ചില പദങ്ങളുണ്ട് - ക്ഷമ, പ്രയത്നം, സ്ഥിരോത്സാഹം. ശാരീരികക്ഷമതയെക്കാൾ, മനോബലത്തിന്റെ അടിവേരുകൾ ശക്തമായവരാണു പടർന്നുപന്തലിക്കുന്നത്.

തളരുന്നതിനനുസരിച്ച് ഉൾവലിയാൻ തീരുമാനിച്ചാൽ തകർച്ചയിലേ അവസാനിക്കൂ. ഏതു കാര്യത്തിനും എല്ലാവരും അനുവദിക്കുന്ന സമയമുണ്ട്. അതിനുള്ളിൽ ലക്ഷ്യം പൂർത്തിയാക്കുന്നവർ മിടുക്കരാകും. സമയം കഴിഞ്ഞിട്ടും അവഹേളനങ്ങളെയും കുറ്റപ്പെടുത്തലുകളെയും ശ്രദ്ധിക്കാതെ നിരന്തരശ്രമത്തിലൂടെ ലക്ഷ്യത്തിലേക്കു സഞ്ചരിക്കുന്നവരുണ്ട്. അവർ അദ്ഭുതപ്രവർത്തകരും പ്രതിഭകളുമാകും. ലക്ഷ്യത്തിൽ എത്തുന്നതുവരെ യാത്ര തുടരാനുള്ള അചഞ്ചല മനസ്സുള്ളവർ മാത്രമാണ് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളത്.

# വളരട്ടെ, തനിയെ വിളയട്ടെ

കൃഷിയെല്ലാം നശിച്ച് ആത്മഹത്യ ചെയ്യാൻ കാടിനുള്ളിലെത്തിയപ്പോഴാണ് അയാൾ മൂപ്പനെ കണ്ടത്. എല്ലാം കേട്ടറിഞ്ഞ മൂപ്പൻ കർഷകനെയും കൂട്ടി മുന്നോട്ടു നടന്നു. അവിടെ നിൽക്കുന്ന പന്നൽചെടികളും മുളകളും കാണിച്ചിട്ടു പറഞ്ഞു: രണ്ടിന്റെയും വിത്തുകൾ ഒരേകാലത്താണ് ഞങ്ങൾ വിതറുന്നത്. എന്നാൽ, പന്നൽ വളർന്ന് മുളയെക്കാൾ മുകളിലെത്തി. കുറെ ദൂരം ചെന്നപ്പോഴും ഇതേ കാഴ്ചകൾ. മൂപ്പൻ പറഞ്ഞു: കൃഷിയിറക്കിയിട്ടു നാലു വർഷം കഴിഞ്ഞു. എന്നിട്ടും മുളകൾ കുറ്റിച്ചെടികളായിത്തന്നെ തുടരുന്നു. കുറച്ചുദൂരംകൂടി പിന്നിട്ടപ്പോൾ വളരെ ഉയരത്തിൽ നിൽക്കുന്ന മുളകൾ കാട്ടി മൂപ്പൻ പറഞ്ഞു: അഞ്ചു വർഷം കഴിഞ്ഞാൽ മുളകൾ തഴച്ചുവളരും. അതിനർഥം ആദ്യ അഞ്ചുവർഷം വേരുകൾ പടർത്തി അടിത്തറ തീർത്ത് അവ വളർന്നുകൊണ്ടിരിക്കുന്നു എന്നുതന്നെയാണ്.



അപരനൊപ്പം വളരാനാഗ്രഹിച്ചാൽ പിന്നെ അവർക്കൊപ്പമേ വളരൂ, അവരുടെയത്രയേ വളരൂ. ഓരോരുത്തരുടെയും വളർച്ചാപ്രക്രിയകളും ഘട്ടങ്ങളും വ്യത്യസ്തമാണ്. പൂർണവളർച്ചയെത്തിയ എല്ലാറ്റിനും ഒരേ വലുപ്പമോ ആകൃതിയോ അല്ല. ഒരുമിച്ചു ജനിച്ച ഒന്നും ഒരുപോലെയല്ല വളരുന്നത്. വളരുന്നവരും വളർത്തുന്നവരും പാലിക്കേണ്ട അടിസ്ഥാന മര്യാദയാണ് ഓരോന്നിനും അതിനർഹമായ വളർച്ചാസമയം അനുവദിക്കുക എന്നത്.

വളർച്ച സംബന്ധിച്ചു ചില തെറ്റിദ്ധാരണകളുണ്ട്. തൂക്കിനോക്കിയും എണ്ണിത്തിട്ടപ്പെടുത്തിയും വളർച്ചയെ അളക്കണം, പ്രത്യക്ഷത്തിൽ കാണുന്നതു മാത്രമാണു വളർച്ച, താരതമ്യമാണ് വളർച്ചയുടെ അളവുകോൽ, വളരുന്നവയെല്ലാം കൃത്യസമയത്തു ഫലം പുറപ്പെടുവിക്കണം. വളർച്ചാസംബന്ധമായ എല്ലാ നിരാശകളും അവനവനുദ്ദേശിക്കുന്ന രീതിയിൽ വളർച്ച നടക്കാത്തതുകൊണ്ടാണ്. താൻ വളർത്തുന്നതെല്ലാം തന്നെപ്പോലെയാകണം, തന്റെ ലക്ഷ്യങ്ങൾക്കുവേണ്ടി വളരണം തുടങ്ങിയ ബാലിശന്യായങ്ങളിൽ തട്ടിയാണ് പലതിന്റെയും വളർച്ച മുരടിക്കുന്നത്. എന്തിനെയും അതിന്റെ പ്രകൃതത്തിൽ വളരാനനുവദിച്ചാൽ പല ബോൺസായികളും വടവൃക്ഷങ്ങളായി രൂപാന്തരം പ്രാപിക്കും.

# അതിരുകടക്കരുത്, ആഗ്രഹങ്ങൾ

കൊട്ടാരത്തിൽ ആദ്യമെത്തുന്ന ഭിക്ഷുവിന് എന്തു ചോദിച്ചാലും നൽകുന്ന ശീലം രാജാവിനുണ്ടായിരുന്നു. അന്നു മുഖം കാണിക്കാനെത്തിയത് ഒരു സന്യാസിയായിരുന്നു. അദ്ദേഹം കയ്യിലിരുന്ന പാത്രം നീട്ടിയിട്ടു പറഞ്ഞു: എനിക്കിതിൽ നിറയെ സ്വർണനാണയം വേണം. രാജാവ് ഒരുപിടി നാണയം വാരി പാത്രത്തിനുള്ളിലിട്ടു. പക്ഷേ, പാത്രം ശൂന്യമായിത്തന്നെയിരുന്നു. വീണ്ടും അത്രയും നാണയമിട്ടെങ്കിലും പാത്രത്തിൽ ഒന്നും കാണാനില്ലായിരുന്നു. പലതവണയായി കൊട്ടാരത്തിലെ മുഴുവൻ സ്വർണവുമിട്ടെങ്കിലും പാത്രം ശൂന്യമായിത്തന്നെ തുടർന്നു. രാജാവ് ചോദിച്ചു: ഈ പാത്രം എവിടെനിന്നു കിട്ടി? ഇതൊരു സാധാരണ പാത്രമല്ല. സന്യാസി പറഞ്ഞു: വഴിയിൽനിന്നു മനുഷ്യന്റെ തലയോട്ടി എനിക്കു കിട്ടി. അതുകൊണ്ട് ഉണ്ടാക്കിയ പാത്രമാണിത്. എത്ര കിട്ടിയാലും മനുഷ്യനു മതി വരുമോ.

ആഗ്രഹങ്ങളൊന്നുമില്ലാത്ത ആരെങ്കിലും ഉണ്ടാകുമോ? ആഗ്രഹങ്ങൾ അവസാനിച്ച ആരെങ്കിലും കാണുമോ? ശ്വാസോച്ഛ്വാസം പോലും ജീവിക്കണമെന്ന ആഗ്രഹത്തിന്റെ ബാക്കിപത്രമാണ്. അതു നശിക്കുന്നവരാണ് ആത്മഹത്യയ്ക്കു മുതിരുന്നത്. ആഗ്രഹങ്ങൾക്കു പ്രായപരിധിയില്ല. മുട്ടിലിഴയുന്ന കുട്ടിയും വടിയൂന്നുന്ന വയോധികനും തങ്ങളുടേതായ താൽപര്യങ്ങളുടെ പിന്നാലെ പായുന്നുണ്ട്. അഭിലാഷങ്ങൾക്ക് ആവശ്യബോധമില്ല. എന്തിനുവേണ്ടി ആഗ്രഹിക്കുന്നു എന്നതിന് ഒരു ന്യായീകരണവുമില്ലാത്ത ആഗ്രഹങ്ങളുമുണ്ടാകാം. അഭീഷ്ടങ്ങൾക്ക് അതിരുകളില്ല. എനിക്കു മതി എന്ന പരിധിയിൽ നിന്ന് ആരും സ്വപ്നം കാണാറില്ല. തനിക്കു ലഭിക്കേണ്ടതെല്ലാം അനന്തവും താൻ നൽകേണ്ടതെല്ലാം അളന്നുതൂക്കിയും എന്ന വിശ്വാസപ്രമാണം കാത്തുസൂക്ഷിക്കുന്നവരാണ് ഭൂരിഭാഗവും.



ആഗ്രഹങ്ങൾക്ക് അന്ത്യമുണ്ടാകില്ല. മനസ്സിനിഷ്ടപ്പെട്ട ഒന്നു നേടി എന്നത് ഇനിയൊന്നും വേണ്ട എന്നതിനുള്ള കാരണമല്ല, മെച്ചപ്പെട്ട മറ്റൊന്നിലേക്കു നീങ്ങുന്നതിനുള്ള പ്രചോദനമാണ്. അതിർവരമ്പിനുമപ്പുറമുള്ള ആഗ്രഹങ്ങളാണ് ആസക്തിയാകുന്നത്. പ്രായോഗികതയുടെയും സാമാന്യയുക്തിയുടെയും നിയന്ത്രണപരിധിക്കുള്ളിൽ തങ്ങളുടെ ഇഷ്ടങ്ങളെ നിലനിർത്താനാഗ്രഹിക്കുന്നവരാണ് തങ്ങളുടെ നേട്ടങ്ങളിലേക്കു പക്വതയോടെ സഞ്ചരിക്കുന്നത്.

# ഫലമറിഞ്ഞ് വിലയിരുത്താം

തന്റെ വീട്ടിലെത്തിയ സന്യാസിയെ സ്വീകരിച്ചിരുത്തിയശേഷം ധനികൻ പുറത്തേക്കു പോയി. ഭക്ഷണം കഴിക്കുന്നതിനിടെ സന്യാസി ധനികന്റെ ഭാര്യയോടു ചില ചോദ്യങ്ങൾ ചോദിച്ചു: എത്ര മക്കളുണ്ട്? നാല്. എത്ര ധനമുണ്ട്? ഞങ്ങൾ കോടിപതികളാണ്. ധനികൻ തിരിച്ചെത്തിയപ്പോൾ സന്യാസി അതേ ചോദ്യങ്ങൾ ആവർത്തിച്ചു: പക്ഷേ ഉത്തരങ്ങൾ വ്യത്യസ്തമായിരുന്നു. ഒരു മകൻ, ഇരുപത്തയ്യായിരം രൂപ.



അറുപത് വയസ്സ് തോന്നിക്കുന്ന അയാളോടു സന്യാസി ഒരു ചോദ്യംകൂടി ചോദിച്ചു: താങ്കൾക്ക് എത്ര വയസ്സായി? മറുപടി പെട്ടെന്നായിരുന്നു: ഇരുപത്. എന്തിനാണ് ഇങ്ങനെ നുണ പറയുന്നതെന്നു ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: ഞാൻ പറഞ്ഞതു സത്യമാണ്. എന്റെ നാലു മക്കളിൽ ഒരാൾ മാത്രമാണു സന്മാർഗത്തിൽ ജീവിക്കുന്നത്. ഇരുപത്തയ്യായിരം രൂപ മാത്രമാണ് നന്മ പ്രവൃത്തികൾക്കുവേണ്ടി ചെലവഴിക്കുന്നത്. ഇരുപതു വർഷമേ ആയുള്ളൂ ഞാൻ ശരിയുടെ പാതയിൽ ജീവിക്കാനാരംഭിച്ചിട്ട്. അതുകൊണ്ടാണ് എന്റെ ഉത്തരങ്ങൾ വ്യത്യസ്തമായത്.

അളവുകോലുകൾ മാറിയാൽ ഗുണനിലവാരത്തിലും വ്യത്യാസം വരും. താഴ്ന്ന മാനദണ്ഡങ്ങളെ മറികടന്ന് കയറിക്കൂടുന്നവയൊന്നും ഉത്കൃഷ്ടമാകില്ല. എത്ര എന്നതിനെക്കാൾ മികച്ച തോതാണ് എങ്ങനെ എന്നത്.

പങ്കെടുത്ത ആളുകളുടെ എണ്ണം നോക്കി പരിപാടിയുടെ വിജയം തീരുമാനിച്ചാൽ അതിൽ പങ്കെടുത്തവർക്ക് എന്തു കിട്ടി എന്ന ക്രിയാത്മക അളവ് അപ്രത്യക്ഷമാകും. എത്ര നാൾ സ്ഥാനത്തിരുന്നു എന്നതിനെ അടിസ്ഥാനമാക്കി നേതൃശേഷി പരിശോധിച്ചാൽ ആ സ്ഥാനത്തിരുന്ന് എന്തുചെയ്തു എന്ന ഫലാധിഷ്ഠിത വിശകലനം അസാധ്യമാകും.

മരണംവരെ ചെലവഴിച്ച ദിനങ്ങളുടെ എണ്ണത്തിനനുസരിച്ച് ജീവിതമികവ് അളന്നാൽ എണ്ണപ്പെട്ട ദിവസങ്ങൾ സാമൂഹികപ്രസക്തമായി പൂർത്തീകരിച്ച വിശുദ്ധ ജീവിതങ്ങൾ അവഹേളിക്കപ്പെടും. തൂക്കി നോക്കിയാൽ ഭാരം മാത്രമേ കിട്ടൂ. തുന്നിച്ചു നോക്കിയാൽ വൈശിഷ്ട്യം മനസ്സിലാകും. എല്ലാ വിചിന്തനപ്രക്രിയകളും സവിശേഷതകളെയും ന്യൂനതകളെയും വിലയിരുത്തുന്നതാകണം. അല്ലാത്ത വിശകലനങ്ങളെല്ലാം സ്വയാവഹേളനത്തിലേക്കു മാത്രമേ നയിക്കൂ.

## ശുഭദിനം

# പരിമിതികളിൽനിന്ന് പറന്നുയരാം



ഗുരുവും ശിഷ്യനുംകൂടി കുന്നിൻചെരുവിലെത്തി. വിശന്നു വലഞ്ഞപ്പോൾ അടുത്തു കണ്ട കുടിലിൽ കയറി ഭക്ഷണം ചോദിച്ചു. ഒരു പാത്രം സംഭാരം മാത്രമേ ആ വീട്ടിലുണ്ടായിരുന്നുള്ളൂ. അത് ആർത്തിയോടെ കുടിച്ചു മടങ്ങുന്നതിനിടെ പറമ്പിൽ പശുവിനെക്കണ്ട് ഗുരു ശിഷ്യനോടു പറഞ്ഞു: ആ പശുവിനെ താഴേക്കു തള്ളിയിടുക. ശിഷ്യൻ പറഞ്ഞു: അതു നമുക്കു സംഭാരം തന്നവരുടെ പശുവായിരിക്കും. അവരുടെ വരുമാനം അതാകും. അങ്ങനെ ചെയ്യേണ്ട. എങ്കിലും ഗുരുവിന്റെ കൽപന ശിഷ്യന് അനുസരിക്കേണ്ടി വന്നു. വർഷങ്ങൾക്കുശേഷം അതേ സ്ഥലത്തു വീണ്ടുമെത്തിയപ്പോൾ വലിയ ബംഗ്ലാവ് കണ്ട് അവിടെയെത്തിയ ശിഷ്യനോടു വീട്ടുകാർ പറഞ്ഞു: ഒരു പശുവായിരുന്നു ഞങ്ങളുടെ ഏക വരുമാനം. ഒരു ദിവസം അതു ചത്തു. അന്നാണു ഞങ്ങൾ രക്ഷപ്പെടാൻ തുടങ്ങിയത്. പിന്നെ ഞങ്ങൾ മറ്റു പല മാർഗങ്ങളിലൂടെയും വരുമാനം കണ്ടെത്തി ഈ നിലയിലായി.

ആയിരിക്കുന്ന അവസ്ഥയുടെ പരിമിതികൾക്കുള്ളിൽ നിന്നു പുറത്തുകടക്കാതെ അർഹിക്കുന്ന അവസ്ഥയുടെ അദ്ഭുതലോകത്തേക്ക് ആരും പ്രവേശിക്കില്ല. ജീവിക്കുന്ന പരിസരത്തിനുള്ളിൽ നിയന്ത്രണരേഖകൾ സ്വയം വരച്ച് അതിനുള്ളിലേക്കു തങ്ങളുടെ സ്വപ്നങ്ങളെയും കർമങ്ങളെയും ഞെരുക്കി പ്രതിഷ്ഠിച്ച് ജീവിതം തള്ളിനീക്കുന്നവരാണു ഭൂരിഭാഗവും. തനിക്കിതേ വിധിച്ചിട്ടുള്ളൂ എന്ന ന്യായീകരണത്തിൽ അവർ ആത്മസംതൃപ്തി കണ്ടെത്തും. പറക്കാൻ ശേഷിയുള്ളവർ എന്തിനാണ് ഇഴയുന്നത്. കുഴിയിൽ കിടന്ന് വളർന്നാൽ പിന്നെ കുഴിയോടു പൊരുത്തപ്പെടാനുള്ള ശ്രമം മാത്രമേ ഉണ്ടാകൂ.

അപ്രതീക്ഷിതമായ പ്രതിബന്ധങ്ങളാണ് അതിജീവന കർമങ്ങളിലേക്ക് ആളുകളെ നയിക്കുന്നത്. ഒരിക്കലും അടയില്ലെന്നു കരുതിയ വഴി ഒരുനാൾ അവസാനിച്ചു എന്നറിയുമ്പോൾ പിന്നീടുള്ള മാർഗം പുതിയവഴി തുറക്കുക എന്നതു മാത്രമാണ്. എല്ലാ വഴികളും അടയുമ്പോഴും ജീവിച്ചേ മതിയാകൂ എന്നൊരാൾ തീരുമാനിച്ചാൽ ആ തീരുമാനത്തെ പ്രതിരോധിക്കാൻ മറ്റൊരു ശക്തിക്കുമാകില്ല.

# മുന്നോട്ടു നോക്കി മുന്നേറാം

കപ്പൽ നടുക്കടലിലെത്തിയപ്പോൾ കൊടുങ്കാറ്റടിച്ചു. ആടിയുലഞ്ഞ കപ്പലിന്റെ കൊടിമരത്തിൽനിന്നു പതാക താഴെവീണു. കടൽ ശാന്തമായപ്പോൾ കപ്പിത്താന്റെ മകൻ പതാക കെട്ടാൻ പോസ്റ്റിനു മുകളിലേക്കു കയറി. പാതിവഴി എത്തിയപ്പോഴേക്കും കടൽ വീണ്ടും ക്ഷോഭിച്ചു. കപ്പൽ ഇളകിയപ്പോൾ മകൻ നിലവിളിക്കാൻ തുടങ്ങി. കപ്പിത്താൻ വിളിച്ചു പറഞ്ഞു: ഭയപ്പെടേണ്ട. രണ്ടു കാര്യങ്ങൾ ചെയ്താൽ മതി. കടൽ ശാന്തമാകുന്നതുവരെ അവിടെ പിടിച്ചിരിക്കുക. എന്നിട്ടു കൊടിമരത്തിന്റെ മുകളിലേക്കു മാത്രം നോക്കി കയറുക. തിരമാലയകന്നപ്പോൾ അവൻ മുകളിലേക്കു നോക്കി കയറി പതാക കെട്ടി.



എതിർദിശയിലേക്കുള്ള എത്തിനോട്ടവും പരിശോധനയുമാണ് മുന്നോട്ടുള്ള യാത്രകളെ ആയാസകരമാക്കുന്നത്. മുകളിലേക്കു യാത്ര ചെയ്യുന്നവർ എന്തിനാണ് താഴേക്കുനോക്കി പരിഭ്രാന്തരാകുന്നത്. കിഴക്കോട്ടു സഞ്ചരിക്കുന്നവർ എന്തിനാണ് പടിഞ്ഞാറിന്റെ ശോഭയിൽ അഭിരമിക്കുന്നത്.

ഓരോ യാത്രയ്ക്കും ഓരോ ലക്ഷ്യമുണ്ട്. വളരെക്കാലത്തെ വിചിന്തനത്തിനുശേഷം പല സാധ്യതകളും ഉപേക്ഷിച്ച് തിരഞ്ഞെടുത്ത ഒന്നാകും ആ ലക്ഷ്യം. അതിലേക്കു നടന്നടുക്കുമ്പോൾ കാലിൽ ഇന്നലെകളുടെയോ ഇടുങ്ങിയ സ്ഥലത്തിന്റെയോ ചങ്ങലകൾ ഉണ്ടാകാൻ പാടില്ല. എന്തിലേക്കാണോ ഉന്നം വയ്ക്കുന്നത് അങ്ങോട്ടുമാത്രം നോക്കിയുള്ള ഗമനം ഓരോചുവടിനും ആവേശം പകരും. പിന്നോട്ടുനോക്കിയുള്ള പ്രയാണം സംശയവും ആശങ്കയും ജനിപ്പിക്കും. എല്ലാ സാഹസികയാത്രകൾക്കും പ്രതിബന്ധം സൃഷ്ടിക്കുന്നത് രണ്ടു കാര്യങ്ങളാണ്. ഒന്ന്, എന്നു തിരിച്ചെത്താൻ കഴിയുമെന്ന സന്ദേഹം; രണ്ട്, ഇടയ്ക്കിടയ്ക്കുള്ള തിരിഞ്ഞുനോട്ടം. ബഹുനില കെട്ടിടത്തിന്റെ മുകളിൽനിന്നു താഴേക്കുനോക്കിയാൽ ഭയവും അവിടെനിന്നു വീണ്ടും മുകളിലേക്കു നോക്കിയാൽ ആകാശഗംഗയെ തൊടുന്ന അനുഭൂതിയുമുണ്ടാകും. പ്രചോദനം നൽകുന്ന അനുഭവങ്ങളെ സൃഷ്ടിച്ചുകൊണ്ടാകണം യാത്രകൾ. അല്ലെങ്കിൽ, മറ്റാരെങ്കിലും സമ്മാനിക്കുന്ന ദുരനുഭവങ്ങളിൽത്തട്ടി യാത്രകൾ മുടങ്ങും.